**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 3463 | 24.06.2013-ൽ മറുപടിയ്ക്ക്

<u>കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ് പ്രവർത്തകന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ ( ഉദുമ) | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കൊലചെയ്യപ്പെട്ട യൂത്ത് കോൺഗ്രസ്സ് പ്രവർത്തകനായ ബാലകൃഷ്ണന്റെ മാതാപിതാക്കൾക്ക് നഷ്ടപരിഹാരം നൽകണമെന്ന കോടതി വിധി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോടതി വിധിയിലെ പ്രധാന പരാമർശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) | ബാലകൃഷ്ണന്റെ മരണവുമായി ബന്ധപ്പെട്ട കേസിന്റെ പ്രാരംഭ ദശയിൽ ശരിയായ അന്വേഷണം നടന്നില്ല എന്നത് ടിയാന്റെ മാതാപിതാക്കളുടെ മൗലികാവകാശങ്ങളുടെ ലംഘനമാണെന്ന് ബഹു. ഹൈക്കോടതി നിരീക്ഷിക്കുകയുണ്ടായി. ബാലകൃഷ്ണന്റെ കൊലപാതകത്തെക്കുറിച്ച് ശരിയായ അന്വേഷണം ആവശ്യപ്പെട്ട് പല തവണ കോടതിയെ സമീപിക്കേണ്ടി വന്നത് പരിഗണിച്ചും ടിയാന്റെ മാതാപിതാക്കൾ അനുഭവിക്കേണ്ടി വന്ന മനോവ്യഥ പരിഗണിച്ചും 2,50,000/- രൂപ നഷ്ടപരിഹാരമായി നൽകുവാൻ ബഹു ഹൈക്കോടതി WP( C) 24015/ 2011 മേലുള്ള 14/3/2013 – ലെ വിധിയിൽ ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കോടതി വിധി പ്രകാരമുള്ള തുക മാതാപിതാക്കൾക്ക് നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) & (ഡി) | നഷ്ടപരിഹാരം നൽകണമെന്ന ബഹു ഹൈക്കോടതിയുടെ 14- 3-2013 ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ പെറ്റീഷൻ തീർപ്പാകുന്നമുറയ്ക്ക് അതനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | തുക നൽകിയിട്ടില്ലെങ്കിൽ അത് നൽകാതിരിക്കുവാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ